പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. റ്റി.4282

19.10.2011-ൽ മറുപടിയ്ക്ക്

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ

എ. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചിലവഴിക്കുന്ന സംഖ്യയുടെ 40% സാധനസാമഗ്രികൾക്ക് വിനിയോഗിക്കാൻ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളിൽ പറയുന്നുണ്ടെങ്കിലും കേരളത്തിൽ പ്രസ്തുത നിർദ്ദേശം ബാധകമാക്കിയിട്ടുണ്ടോ ;

ബി. ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

**ഉത്തരം**

ശ്രീ.കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

എ. & ബി. സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, സാധന സാമഗ്രികൾ വാങ്ങി ഉപയോഗിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള കാരണം ചുവടെ ചേർക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവിദഗ്ദ്ധ തൊഴിൽ നൽകുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ അവിദഗ്ദ്ധ തൊഴിൽ നൽകുന്നതുമായി ബന്ധപ്പെടുത്തി അനിവാര്യമായി വരുന്ന മെറ്റിരിയൽസ് വാങ്ങുന്നതിനോ വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിക്കുന്നതിനോ ആവശ്യമായി വരുന്ന തുകയാണ് മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ ഉൾപ്പെടുത്തേണ്ടത്. ഫീൽഡ് തലത്തിൽ നടത്തിയ പരിശോധനകളിൽ പല പഞ്ചായത്തുകളിലും കമ്പി, സിമന്റ്, കരിങ്കല്ല് തുടങ്ങിയുള്ള നിർമ്മാണ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ എൻ.ആർ.ഇ.ജി. എസ്സ്. -ൽ ചെയ്തു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സാധന സാമഗ്രികൾ സംഭരിക്കേണ്ടുന്ന ആവശമുള്ള പണികൾക്ക് മസ്റ്റർ റോൾ അനുവദിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചുകൊണ്ട് 20-08-2010-ലെ 23036/ എൻ.ആർ.ഇ.ജി. സെൽ.3/10/സി.ആർ.ഡി.പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പൈലറ്റ് അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ 2 ഗ്രാമപഞ്ചായത്തുകളിൽ വീതം പദ്ധതി ചെലവിന്റെ 40% സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ